പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6393** 03.04.2018 ൽ മറുപടിയ്ക്ക്

## കൊമ്മേരി - കുഞ്ഞിംവീട് കോളനി റോഡിന് വനം വകുപ്പിന്റെ അനുമതി

| | ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ വനമേഖലയിലൂടെയുള്ള കൊമ്മേരി - കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റിംഗിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കുള്ള പ്രൊപ്പോസൽ നൽകി ഒരു വർഷം കഴിഞ്ഞിട്ടും അനുമതി നൽകാത്തതെന്താണെന്ന് വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | കൊമ്മേരി - കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റിംഗിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കുള്ള ഓൺ ലൈൻ പ്രൊപ്പോസൽ പരിശോധനയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും, രേഖകൾ ലഭിച്ചതിനെ തുടർന്ന് ഹാർഡ് കോപ്പി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ നമ്പർ FP/KL/ROAD/22799/2016-ന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ